ഉത്തരം

(എ) ഉണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം (സിറ്റി)	..	804
തിരുവനന്തപുരം (റൂറൽ)	..	855
കൊല്ലം	..	923
പത്തനംതിട്ട	..	296
ആലപ്പുഴ	..	588
കോട്ടയം	..	506
ഇടുക്കി	..	113
കൊച്ചി സിറ്റി	..	393
എറണാകുളം റൂറൽ	..	444
തൃശ്ശൂർ	..	790
പാലക്കാട്	..	744
മലപ്പുറം	..	48
കോഴിക്കോട് (സിറ്റി)	..	213
കോഴിക്കോട് (റൂറൽ)	..	159
വയനാട്	..	201
കണ്ണൂർ	..	674
കാസർഗോഡ്	..	332

(ബി) സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുവാൻ രാത്രിയും പകലും പ്രത്യേക പട്രോളിംഗ് നടത്തിയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ചു കിട്ടുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരെ നിരന്തരം നിരീക്ഷണം നടത്തി അവരിൽ ശിക്ഷാർഹരായവർക്കെതിരെ 107, 110, സി ആർ. പി. സി. പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

മാധ്യമപ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയുവാൻ നടപടി

108 [63] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 നവംബർ ഒന്നിന് കരിപ്പൂർ വിമാനത്താവളത്തിലും രണ്ടാം തീയതി കൊച്ചിയിലും, തിരുവനന്തപുരത്തും ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർക്കും മാധ്യമപ്രവർത്തകർക്കുമെതിരെ മുസ്ലീംലീഗ് പ്രവർത്തകരും പോലീസും നടത്തിയ അക്രമസംഭവത്തോടനുബന്ധിച്ച് ആരെയെല്ലാം പ്രതി ചേർത്ത് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യാവിഷൻ ടി. വി. ചാനലിന്റെ കൊച്ചി, കോഴിക്കോട് ഓഫീസുകൾ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട എത്ര കേസുകൾ, എതെല്ലാം വകുപ്പുകളിലായി, ആരെയെല്ലാം പ്രതി ചേർത്ത് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണെന്ന് അറിയിക്കാമോ;

(സി) മാധ്യമപ്രവർത്തകർക്കെതിരെ ഗുണ്ടകളുടെയും പോലീസിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകുന്ന കടന്നാക്രമണങ്ങൾ ഇല്ലാതാക്കാൻ പ്രായോഗികമായ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 1-11-2004-ൽ കരിപ്പൂർ വിമാനത്താവളത്തിലേക്കുള്ള കൊളത്തൂർ ജംഗ്ഷനിൽവച്ച് ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർക്ക് എതിരെ നടന്ന അതിക്രമത്തോടനുബന്ധിച്ച് കൊണ്ടോട്ടി പി. എസ്. ക്രൈം 654/2004 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ഐ. യു. എം. എൽ. പ്രവർത്തകരായ 16 പേരാണ് പ്രതികൾ. ഇതിൽ 12 പ്രതികളെ അറസ്റ്റ് ചെയ്തു. 4 പ്രതികളെക്കൂടി അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

അറസ്റ്റ് ചെയ്ത പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) വല്ലൻചിറ അബ്ദുൾ മജീദ്
(2) കയത്തിങ്ങൽ സജീർ അഹമ്മദ്
(3) കരിപറമ്പൻ ശിഹാബുദീൻ
(4) കുറത്തിയാട്ടിൽ അബ്ദുള്ള
(5) പുല്ലാനിക്കാട്ടിൽ അബ്ദുൾ മജീദ്
(6) വട്ടത്തൊടിക ഹംസ
(7) കുട്ടീരി ഹംസ
(8) അടേങ്ങൽ അബ്ദുൾ റഷീദ്
(9) ചീതത്തൊടി കാരത്ത് ഖാലിദ്
(10) ഏറാത്തൊടി ഫൈസൽ
(11) കറുകുളത്ത് ശിഹാബ്
(12) ചീരാതൊടികാരത്ത് ഷംസീർ

ഇനി അറസ്റ്റ് ചെയ്യാനുള്ള പ്രതികൾ:

(1) മീത്തൽ നരിക്കോട് കണ്ടി ഹംസ
(2) പള്ളിയാടൻ ചാത്തോത്ത് സുഹൈൽ
(3) തൊടുവായിൽ നൗഫൽ
(4) കൂടത്തിൽ സിറാജ്

LIBRARY ARCHIVES Kerala Legislative Assembly

അന്നേദിവസം കരിപ്പൂർ വിമാനത്താവളത്തിൽവച്ച് മാധ്യമപ്രവർത്തകരെ മുസ്ലീംലീഗ് പ്രവർത്തകർ ആക്രമിച്ചതോടനുബന്ധിച്ച് കൊണ്ടോട്ടി പി. എസ്. ക്രൈം 655/2004 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ഐ. യു. എം. എൽ. പ്രവർത്തകരായ 30-ഓളം പേർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ തിരിച്ചറിഞ്ഞ 19 പ്രതികളെ അറസ്റ്റ് ചെയ്തു. ഇനിയും 11 പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. അറസ്റ്റ് ചെയ്ത പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. വല്ലാഞ്ചിറ അബ്ദുൾ മജീദ്
2. സാക്കിർ
3. മുഹമ്മദ് മുനീർ
4. അൻവർ സാദത്ത്
5. അബ്ദുൾ റസാക്ക്
6. അഷറഫ്
7. സുൽഫിക്കർ
8. അബ്ദുൾ നാസർ
9. കുഞ്ഞബ്ദീൻ
10. ഷരീഫ്
11. വട്ടത്തൊടിക റഹ്മാൻ
12. അബ്ദുള്ള
13. അബ്ദുൾ മജീദ്
14. ശിഹാബുദ്ദീൻ
15. അബ്ദുൾ റഷീദ്
16. ഖാലിദ്
17. ഫൈസൽ
18. ശിഹാബ്
19. ചെറാതൊടി ഷംസീർ

കേസിൽ ഇനിയുള്ള പ്രതികളെ തിരിച്ചറിയേണ്ടതുണ്ട്. അവരുടെ പേരുവിവരം ലഭിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

തിരുവനന്തപുരത്ത് മുസ്ലീംലീഗ് പ്രവർത്തകർ മാധ്യമപ്രവർത്തകരെ ആക്രമിച്ചതിലേക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം 312/2004 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് കരമന മാഹീൻ, മൺവിള സൈനുദ്ദീൻ, റഹീദ്, പൂക്കുഞ്ഞ് തുടങ്ങി കണ്ടാലറിയാവുന്ന 250-ഓളം പേരെ പ്രതിയാക്കി അന്വേഷണം നടത്തിവരുന്നു.

(ബി) ഇൻഡ്യാവിഷൻ ടി. വി. ചാനലിന്റെ കൊച്ചി ആഫീസ് ആക്രമിച്ച സംഭവത്തിന് കളമശ്ശേരി പി. എസ്. ക്രൈം 464/2004 യു./എസ്. 143, 147, 427

LIBRARY ARCHIVES Kerala Legislative Assembly

ആർ./ഡബ്ല്യു. 149 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ 1. റഹീക്ക്, 2. ഷബീർ, 3. ഷാനവാസ്, 4. നിയാസ്, 5. അഷറഫ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളെല്ലാം മുസ്ലീംലീഗ് പ്രവർത്തകരാണ്.

ഇൻഡ്യാവിഷൻ റ്റി. വി. ചാനലിന്റെ കോഴിക്കോട് പെരുട്ടി റോഡിലുള്ള ഓഫീസ് ആക്രമിച്ചതു സംബന്ധിച്ച് ടൗൺ പി. എസ്. ക്രൈം 342/2004 യു./എസ്. 143, 147, 148, 447, 457, 323, 427 ആർ/ഡബ്ല്യു. 149 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ 1. എ. റ്റി. സക്കറിയ, 2. പി. റ്റി. റഹീക്ക്, 3. റാഫി പുതിയകടവ്, 4. എം. പി. ഷാജഹാൻ, 5. പീറോസ്, 6. റാഷിം, 7. ജർഷാദ്, 8. എൻ. പി. അൻവർ, 9. എം. വി. നിഷാദ്, 10. സിറാജുദ്ദീൻ, 11. കെ. എം. നസീർ, 12. എൻ. പി. സിറാജ്, 13. റ്റി. കെ. റാഹി, 14. എൻ. പി. ഹനീഫ. പ്രതികളെല്ലാം ലീഗ്/യൂത്ത് ലീഗ് പ്രവർത്തകരാണ്.

(സി) മാധ്യമ പ്രവർത്തകർക്കെതിരെ സാമൂഹ്യവിരുദ്ധരുടെ ആക്രമണം തടയുന്നതിന് കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും മാധ്യമ പ്രവർത്തകർക്ക് ആവശ്യമായ സംരക്ഷണം പോലീസ് നൽകുകയും ചെയ്തു വരുന്നുണ്ട്. മാധ്യമപ്രവർത്തകർക്കെതിരെ യാതൊരുവിധ കടന്നാക്രമണവും പോലീസ് നടത്തുന്നില്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. പി. സി. സി. നേതൃയോഗത്തിൽ നടന്ന ആക്രമണ കേസിലെ പ്രതികൾ

109 [64] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം കോൺഫറൻസ് ഹാളിൽ നടന്ന കെ. പി. സി. സി. നേതൃയോഗത്തിൽ അക്രമം നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്ര പേരുടെ പേരിലാണ് കേസുകൾ എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ കേസിലെ 1-ാം പ്രതിയും പിടികിട്ടാപ്പുള്ളിയുമായ വണ്ടന്നൂർ സന്തോഷ് മുഖ്യമന്ത്രിയുടെ ഔദ്യോഗിക പദവിൽ പങ്കെടുത്തിട്ടും അറസ്റ്റു ചെയ്യാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly